സ്വകാര്യ പ്രചരണത്തിനു മാത്രം

വാല്യം 4, ലക്കം 6 നവംബർ 2011

ശ്രീ രാം ചന്ദ്ര മിഷൻ®

India ECHOES
ONE WORLD ONE HUMANITY







# മാസ്റ്ററുടെ പിൻഗാമിയെ നിർദ്ദേശിക്കൽ

കൊൽക്കത്ത, 2011 ഒക്ടോബർ 3

പ്രവർത്തന സമിതി അംഗങ്ങളെയും ക്ഷണിതാക്കളെയും അഭിസംബോധന ചെയ്ത് മാസ്റ്റർ നടത്തിയ പ്രസംഗം

ഞാൻ പറഞ്ഞതുപോലെ, ഇന്ന് എൻെറ പിൻഗാമിയെ നിർദ്ദേശിക്കുവാനും നിയമിക്കുവാനും ഞാനാഗ്രഹിക്കുന്നു. കാരണം ഞാനിപ്പോൾ എൻെറ എൺപത്തഞ്ചാം വയസ്സിലാണ്. നിങ്ങളെല്ലാം കരുതുന്നതു പോലെ ഇതാണ്പറ്റിയ സമയം. ബാബുജി മഹാരാജ് ഈ തീരുമാനത്തെ അനുഗ്രഹിക്കുകയും, ഉചിതമായ സമയത്ത് ഉപയോഗിക്കാനുള്ള ഒരു രഹസ്യരേഖയായി മാത്രം ഈ നാമനിർദ്ദേശത്തെ സൂക്ഷിക്കാതെ അത് പരസ്യമായി പ്രഖ്യാപിക്കണമെന്ന് എന്നോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയൊരു പ്രഖ്യാപനം വിവേകപൂർണമായ ഒന്നാണെന്ന് ഞാൻ കരുതുന്നു, കാരണം ഇത് ആളുകൾക്ക് പുതിയ വ്യക്തിയോട് ഇടപഴകുവാനും അദ്ദേഹമാണ് അടുത്ത മാസ്റ്റർ എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളുവാനും തന്മൂലം, സമയമാകുമ്പോൾ സംഭവിക്കേണ്ട കൈമാറ്റം പെട്ടെന്നുണ്ടായതാണ് എന്ന തോന്നൽ ഇല്ലാതാക്കുവാനും സഹായിക്കും. എന്നിരുന്നാലും എഴുതപ്പെട്ട രേഖയും എൻെറ കൈവശമുണ്ട്, താമസിയാതെ ആരോടെങ്കിലും അത് വായിക്കുവാൻ ഞാൻ അഭ്യർത്ഥിക്കും.

ഭാരിച്ച ചുമതലകൾ വഹിക്കേണ്ട ആ വ്യക്തിക്ക് നല്ല വിവേകവും, അളവറ്റ ക്ഷമയും, ഒരുപാട് സ്നേഹവും, എല്ലാത്തിനുമുപരി എന്തെങ്കിലും ചെയ്യുന്നതിന് മുൻപ് നന്നായി ചിന്തിക്കുവാനുള്ള കഴിവും ഉണ്ടായിരിക്കണം. സാധാരണ നാം പറയാറുണ്ട്, "ഓരോ ചുവടും സൂക്ഷിച്ച് വെയ്ക്കുക", അല്ലെങ്കിൽ "എന്തെങ്കിലും ചെയ്യുന്നതിന് മുൻപ് രണ്ട് വട്ടം ആലോചിക്കുക" എന്നൊക്കെ, എന്നാൽ സഹജമാർഗ്ഗത്തിൽ നാം വെറും രണ്ടല്ല പലവട്ടം ആലോചിക്കേണ്ടിയിരിക്കുന്നു എന്നാണ് ഞാൻ കരുതുന്നത്. പ്രത്യേകിച്ച്, ഓരോ പ്രാവശ്യം നാം പണം ചെലവിടുമ്പോഴും ജന നന്മക്കായി നമ്മെ വിശ്വസിച്ചേൽപ്പിച്ച പൊതുജനങ്ങളുടെ താണതെന്ന ബോധം നമ്മെ ഏറെ കരുതലുള്ളവരാക്കിത്തീർക്കണം. ഞാനിനി നിർദ്ദേശിക്കുവാൻ പോകുന്നയാളിൽ മേൽപ്പറഞ്ഞ ഗുണങ്ങളെല്ലാമില്ലെങ്കിൽ അദ്ദേഹം അവ വളർത്തിയെടുക്കണം. അകമേ ചങ്കൂറ്റവും പുറമേ സൗഹൃദമനസ്ഥിതിയും സഹോദരഭാവവും ഉണ്ടായിരിക്കണം. കൂടാതെ, ബാബുജി എനിക്ക് നൽകിയതും, ജീവിതകാലം മുഴുവൻ ഞാൻ പിന്തുടരുകയും ചെയ്യുന്ന– "ആരെയും വിശ്വസിക്കരുത്; ആരെയും അവിശ്വസിക്കുകയുമരുത്"– എന്ന സാരോപദേശം മുറുക്കെ പിടിക്കുകയും വേണം. ജോലിക്കായ് തിരഞ്ഞെടുത്തവരെ പൂർണമായും അവരുടെ കർമ്മം കൊണ്ടളക്കുക. അവരുടെ സ്ഥാനാരോഹണമോ അവരോഹണമോ നിശ്ചയിക്കപ്പെടേണ്ടത് അവർ ചെയ്ത കർമ്മ ഫലത്തിനെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം. യാതൊരുവിധ മുൻവിധികളും പാടില്ല: വർഗ്ഗം, ജാതി, മതം, ലിംഗം, സമൂഹം, ഭാഷ, എന്നുവേണ്ട ഒന്നിനെക്കുറിച്ചുള്ള മുൻവിധികളും അരുത്.

ഈ ഭാരം ചുമലിലേൽക്കാൻ പോകുന്നയാൾ അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം വളരെ വ്യക്തമായി മനസ്സിലാക്കിയിരിക്കേണ്ടതാണ്. അവശ്യം വേണ്ട ദീർഘായുസ്സും, ആരോഗ്യവും, കരുത്തും, ധൈര്യവും മാസ്റ്റർ അദ്ദേഹത്തിന് നൽകട്ടെയെന്ന് ആശംസിക്കുന്നു. കാരണം ഞാൻ ഏറ്റെടുക്കുമ്പോൾ മിഷൻ ചെറുതായിരുന്നു. എന്നാൽ എനിക്ക് പിൻപേ വരുന്നയാൾ ഏറ്റെടുക്കുന്നത് വളരെവലിയ, ലോകമെങ്ങും വ്യാപിച്ചു കിടക്കുന്ന മിഷനെയാണ്. മിഷൻ ഇപ്പോഴും വളരുകയാണ്, ബാബുജിയുടെ സന്ദേശങ്ങൾ മുഖവിലക്കെടുക്കുകയാണെങ്കിൽ അത് വളർന്നുകൊണ്ടേയിരിക്കുകയും ചെയ്യും. ഇത് വളർച്ചയുടെ ഘട്ടമാണ്. അത് എത്രകാലം നീളുമെന്ന് എനിക്കറിയില്ല. അത് ദൈവ നിയോഗമനുസരിച്ചിരിക്കും.

അത്കൊണ്ട്, എൻെറ പിൻഗാമിയായി ഞാൻ ശ്രീ കമലേഷ് പട്ടേലിനെ നിർദ്ദേശിക്കുന്നു.

...പുതിയതായി നാമനിർദ്ദേശം ചെയ്യപ്പെട്ട എൻെറ പിൻഗാമിക്ക് മുൻവിധികൾ കൂടാതെയുള്ള പരിപൂർണ സഹകരണം നൽകാൻ ലോകത്തിലെ എല്ലാ അഭ്യാസികളോടും ഞാൻ അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിൻെറ കർമ്മം കൊണ്ട് അദ്ദേഹത്തെ വിലയിരുത്തുക. ഇതുവരെ എന്തായിരുന്നു അദ്ദേഹം എന്നോ അല്ലെങ്കിൽ നിങ്ങൾ പ്രതീക്ഷിക്കുന്ന രീതിയിൽ പെരുമാറുന്ന ഒരാളായിരിക്കണം അദ്ദേഹം എന്നതോ നോക്കാതെ, അദ്ദേഹം ഇപ്പോൾ എന്താണ്, ഭാവിയിൽ എങ്ങനെയായിരിക്കും, ഭാവിയിൽ അദ്ദേഹം എന്തൊക്കെ ചെയ്യും എന്നതിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം നിങ്ങളുടെ വിലയിരുത്തൽ. നിറഞ്ഞമനസ്സോടു കൂടിയ നിങ്ങളുടെ പരിപൂർണ്ണ സഹകരണം അദ്ദേഹത്തിന് നൽകേണ്ടത് മിഷൻെറ ആരോഗ്യത്തിനും ഭാവിയിലെ അതിൻെറ വളർച്ചയ്ക്കും (അത് അർത്ഥമാക്കുന്നത് ഈ മിഷനിലൂടെ അദ്ദേഹത്തിന് നിങ്ങൾക്ക് നൽകാൻ കഴിയുന്ന സേവനത്തെത്തന്നെയാണ്.) അത്യാവശ്യമാണ്. അത് നൽകുവാൻ ഞാൻ എല്ലാവരോടും അപേക്ഷിക്കുന്നു.

എല്ലാവർക്കും എൻെറ അനുഗ്രഹാശംസകൾ.

# മാസ്റ്ററുടെ യാത്രകൾ

## ദില്ലി 16 – 18 ആഗസ്റ്റ് 2011




അഭ്യാസികൾക്ക് സന്തോഷമേകിക്കൊണ്ട് മാസ്റ്റർ ആഗസ്റ്റ് 16–ന വൈകുന്നേരം എകദേശം 5:30–യോടെ വിമാനമാർഗ്ഗം ചെന്നൈയിൽ നിന്നും ദില്ലിയിൽ എത്തിച്ചേർന്നു. എകദേശം നൂറോളം വരുന്ന അഭ്യാസികൾ അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. പ്രസന്നനും ഉത്സാഹഭരിതനുമായി കാണപ്പെട്ട മാസ്റ്റർ യാത്ര എങ്ങിനെയുണ്ടായിരുന്നു എന്ന ചോദ്യത്തിന് ചിരിച്ചുകൊണ്ട് ഇങ്ങനെ മറുപടി നൽകി, “ഒരു യാത്ര സംസ്കാരങ്ങളെപ്പോലെ സഹിക്കപ്പെടേണ്ടതാണ്”. ഒരു ലഘു സവാരിക്ക് ശേഷം മാസ്റ്റർ ഒരു അഭ്യാസി സഹോദരൻെറ വസതിയിലെത്തി. പിന്നീടദ്ദേഹം അവിടെ സന്നിഹിതരായിരുന്ന അഭ്യാസികൾക്കായി സത്സംഗം നടത്തി. അന്ന് വൈകുന്നേരം മുഴുവനും അദ്ദേഹം ഉല്ലാസവാനായിരുന്നു. അത്താഴത്തിന് ശേഷം ബാബുജിയുടെ പേരക്കുട്ടിക്ക് ഒരു പെൺകുഞ്ഞ് ജനിച്ചുവെന്ന വാർത്ത ലഭിച്ചപ്പോൾ അദ്ദേഹം ചെന്നൈയിൽ നിന്നും ഡൽഹിയിലേക്കുള്ള വിമാനയാത്രാമദ്ധ്യേ തനിക്കതനുഭവപ്പെട്ടുവെന്ന് അഭിപ്രായപ്പെട്ടു. തൻെറ പ്രിയപ്പെട്ട മാസ്റ്ററുടെ പ്രപൗത്രിക്ക് “ദേവയാനി” എന്ന പേരാണ് ചിന്തിച്ചതെന്നും പറഞ്ഞു.

പിറ്റേന്ന് മാസ്റ്റർ കാലത്ത് സത്സംഗം നടത്തി. പിന്നീടദ്ദേഹം ഡൽഹിയിലെ ആശ്രമ പദ്ധതിയുടെ ആദ്യഘട്ടത്തിൻെറ രജിസ്ട്രേഷനായി പുറപ്പെട്ടു. അവിടെ സന്നിഹിതരായിരുന്ന എല്ലാവരോടും വളരെ സ്നേഹത്തോടെ ഇടപഴകിയ മാസ്റ്റർ രജിസ്ട്രേഷനുശേഷം എല്ലാവർക്കും പ്രസാദം വിതരണം ചെയ്തു. വൈകീട്ട് എകദേശം 6:30 ന അദ്ദേഹം സത്സംഗം നടത്തി. അത്താഴത്തിനു ശേഷം തൻെറ നർമ്മവും ചിന്തയും കലർന്ന തനതു ശൈലിയിൽ എല്ലാവരേയും സന്തോഷിപ്പിച്ച മാസ്റ്റർ ടി.ടി.കെ ഗ്രൂപ്പിനു വേണ്ടി താൻ പ്രവർത്തിച്ചിരുന്ന കാലത്തിനെക്കുറിച്ചും സംസാരിച്ചു. ഈ ചർച്ചാവേളയിൽ മാസ്റ്റർ ഇങ്ങനെ അഭിപ്രായപ്പെട്ടു, “സ്നേഹം പോലെ സത്യസന്ധതയും ഒരുദിശാ വീഥിയാണ്. അതിനുള്ള പാരിതോഷികം അല്ലെങ്കിൽ സാഫല്യം സത്യസന്ധനായിരിക്കാനുള്ള കഴിവു തന്നെയാണ്”.

ആഗസ്റ്റ് 18–ന് കുറച്ച് അഭ്യാസികളെക്കണ്ടശേഷം മാസ്റ്റർ ഉച്ചക്ക് ഹൈദരാബാദിലേക്ക് യാത്ര തിരിച്ചു.

## ഹൈദരാബാദ് 18–23 ആഗസ്റ്റ്

എത്തിച്ചേർന്ന ഉടനെ തന്നെ മാസ്റ്റർ “കാൻഹ ശാന്തി വനം” പദ്ധതിയുടെ രജിസ്ട്രേഷനും മറ്റു ഔപചാരിതകൾക്കുമായി ഗാഛിബൗളിയിലേക്ക് പുറപ്പെട്ടു. തന്നെക്കാളും നാല് വയസ്സു പ്രായക്കൂടുതലുള്ള ശ്രീനിവാസറാവു കഷംപൂർക്കർ എന്ന സഹോദരനെ കാണാനിടയായതിൽ മാസ്റ്റർ വളരെ സന്തോഷവാനായിരുന്നു. മാസ്റ്റർ പ്രിസപ്റ്ററായതിന് ശേഷം ചേർക്കപ്പെട്ട ആദ്യത്തെ അഭ്യാസിയാണ് അദ്ദേഹം. വളരെ ഊഷ്മളമായിരുന്നു അദ്ദേഹവുമായുള്ള മാസ്റ്ററുടെ ഇടപഴകൽ. അത്താഴത്തിന് ശേഷം തീൻമേശക്കരികിൽ ഒത്തുകൂടിയ കുട്ടികൾ അവരുടെ മാസ്റ്റർ മുത്തശ്ശനുമായി ചില തമാശകൾ പങ്കുവെച്ചു. കുറച്ച് തമാശകളുമായി തന്നെയാണ് മാസ്റ്റർ അതിന് പ്രതികരിച്ചത്.



ആഗസ്റ്റ് 19–ന സത്സംഗത്തിന് ശേഷം കാൻഹ പദ്ധതി നിർവാഹകരെക്കണ്ട മാസ്റ്റർ പദ്ധതിയുടെ രേഖകൾ പരിശോധിച്ചു. പ്രാതലിന് ശേഷം അവിടെക്കൂടിയിരുന്നവരുമായി സംവദിച്ച മാസ്റ്റർ ഒരു സഹോദരിയോട് തലേദിവസം എവിടെയായിരുന്നു എന്ന് ചോദിച്ചു. അതിനവർ താൻ നല്ല മന:സ്ഥിതിയിലല്ലായിരുന്നു എന്ന് മറുപടി പറഞ്ഞു. തന്നോട് ദേഷ്യത്തിലായിരുന്നുവോ എന്നവരോട് ചോദിച്ച ശേഷം മാസ്റ്റർ ഇങ്ങനെ പറഞ്ഞു – നിങ്ങളുടെ ഭർത്താവിനോടോ ഭാര്യയോടോ മകനോടോ മകളോടോ ദേഷ്യപ്പെടാൻ നിങ്ങൾക്കവകാശമില്ല എന്നാൽ മാസ്റ്ററോട് ദേഷ്യപ്പെടാം, കാരണം അത് മാത്രമാണ് പ്രത്യാഘാതങ്ങളുണ്ടാക്കാത്തത് എന്ന് ബാബുജി പറയാറുണ്ട്.

ആഗസ്റ്റ് 20–ന പ്രാതലിന് ശേഷം മാസ്റ്റർ കാൻഹ ശാന്തി വനത്തിലേക്ക് പോയി. വെട്ടി വൃത്തിയാക്കി വേലി കെട്ടിയ ആ പ്രദേശത്ത് പപ്പായ, ചോളം, നെല്ല് എന്നിവ കൃഷി ചെയ്യുവരുന്നു. ഒരു മരത്തിന് കീഴെ ഒരു ചെറിയ കോട്ടേജ് നിർമ്മിച്ചിട്ടുണ്ട്. കോട്ടേജിൻെറ പുറത്ത് വന്നിരുന്ന് മാസ്റ്റർ ആ സ്ഥലത്തിൻെറ രൂപരേഖ പരിശോധിച്ചു. അവിടെ ആദ്യത്തെ സത്സംഗം നടത്തിയ ശേഷം മാസ്റ്റർ ഇനി മുതൽ എല്ലാ ഞായറാഴ്ച്ചയും അവിടെ സത്സംഗം നടത്തുവാൻ അനുമതി നൽകി. ആ പ്രദേശം ചുറ്റിക്കണ്ട മാസ്റ്റർ അത് പരിപാലിച്ചു വരുന്നതിനെ അഭിനന്ദിച്ചു. പിന്നീടദ്ദേഹം ഉച്ചഭക്ഷണത്തിനും വിശ്രമത്തിനുമായി സഹോ. മധു കോത്തപ്പള്ളിയുടെ വസതിയിലേക്ക് പോയി.

ആശ്രമത്തിലേക്ക് പോകുവാനായി വളരെ അക്ഷമനായ മാസ്റ്റർ പിന്നീട് 3:30യോടെ പുറപ്പെട്ടു. വൈകീട്ട് 6:30യോടെ എത്തിചേർന്ന അദ്ദേഹത്തെ എകദേശം നാലായിരത്തോളം വരുന്ന അഭ്യാസികൾ സന്തോഷപൂർവ്വം സ്വീകരിച്ചു. അച്ചടക്കത്തിനെക്കുറിച്ചു ആരോ അഭിപ്രായപ്പെട്ടപ്പോൾ ഈ നിലയിലെത്താൻ വളരെ സമയമെടുത്തു എന്ന് ചിരിച്ചു കൊണ്ടദ്ദേഹം പറഞ്ഞു. മേൽപ്പാലത്തിലൂടെ അദ്ദേഹം നടന്നു നീങ്ങിയപ്പോൾ കുട്ടികൾ അഭിവാദനങ്ങൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അപ്പോൾ അദ്ദേഹം തിരിഞ്ഞ് നിന്ന് അവരോട് സഹജമാർഗ്ഗം നമ്മളെ മൗനത്തിലിരിക്കുവാനാണ് പഠിപ്പിക്കുന്നതെന്ന് ഓർമ്മിക്കുവാൻ പറഞ്ഞു.

ഹാളിൽ നിറഞ്ഞു കവിഞ്ഞ അഭ്യാസികൾക്കായി ആഗസ്റ്റ് 21–ന കാലത്തും വൈകുന്നേരവും മാസ്റ്റർ സത്സംഗം നടത്തി. വൈകുന്നേരം കുട്ടികൾ അവതരിപ്പിച്ച സാംസ്കാരിക പരിപാടിയും കഥക് നൃത്തവും ഉണ്ടായിരുന്നു.

വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക





ആഗസ്റ്റ് 22–ാം തീയതി രാവിലെ 7.30 നു മാസ്റ്റർ സത്സംഗം നടത്തി. അതിനു ശേഷം ഭക്തി ഗാനാലാപനം ഉണ്ടായിരുന്നു. പ്രാർത്ഥിക്കേണ്ടതിന്റെ ശരിയായ രീതി ഏങ്ങിനെയാണ് എന്ന ഒരു സഹോദരിയുടെ ചോദ്യത്തിനു മറുപടിയായി മാസ്റ്റർ പറഞ്ഞു, "ആർക്കുവേണ്ടിയാണോ നിങ്ങൾ പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്നത്, അയാളെഒരു കുഞ്ഞിനെ എന്നപോലെ കൈകളിൽ എടുത്ത് മാസ്റ്ററുടെ മുന്നിൽ സമർപ്പിക്കുക എന്നിട്ട് ഇപ്രകാരം പറയുക, 'ഇദ്ദേഹത്തെ സംരക്ഷിക്കേണമേ', ഇങ്ങനെയാണു നാം സഹജമാർഗത്തിൽ പ്രാർത്ഥിക്കുന്നത്". വൈകുന്നേരത്തെ സത്സംഗത്തിനു ശേഷം സഹോദരി സൗമ്യയുടെ നൃത്തപരിപാടി ഉണ്ടായിരുന്നു.

23–ാം തീയതി മാസ്റ്റർ എയർപോർട്ടിലേക്ക് യാത്രതിരിക്കുന്നതിനിടെ ഒരു അഭ്യാസി അദ്ദേഹത്തോട് ചോദിച്ചു, "ഭൂമി രജിസ്റ്റർ ചെയ്യാൻ വേണ്ടി മാത്രം യാത്ര ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നോ, അതിനു മറ്റാരെയെങ്കിലും അധികാരപ്പെടുത്തിയാൽ പോരെ". അതിനുത്തരമായി മാസ്റ്റർ, അദ്ദേഹത്തിനു അവിടെയുള്ള എല്ലാവരെയും കാണുവാനുള്ള ഇഷ്ടം കൊണ്ടാണു വന്നത് എന്നു പറഞ്ഞു.

## ദില്ലി 23 – 30, ആഗസ്റ്റ് 2011

മാസ്റ്റർ 23–ാം തീയതി വൈകുന്നേരം ദില്ലിയിലേക്ക് തിരിച്ചു. എയർപോർട്ടിൽ അദ്ദേഹത്തെ അഭ്യാസികൾ ഹാർദ്ദവമായി സ്വാഗതം ചെയ്തു. അദ്ദേഹവും വളരെയധികം ഉത്സാഹവാനായിരുന്നു. മാസ്റ്ററുടെ സാനിധ്യത്തിൽ ദിവസങ്ങൾ വളരെ വേഗം കൊഴിഞ്ഞു കൊണ്ടിരുന്നു, സമയം കടന്ന് പോകുന്നത് ആരും അറിയുന്നേയുണ്ടായിരുന്നില്ല. തന്റെ മാസ്റ്ററിന്റെ സന്ദേശം മറ്റുള്ളവർക്കു പകർന്നു നൽകുന്നതിനായി മാസ്റ്റർ അക്ഷീണം തന്റെ ജോലി ചെയ്യുന്നതും, അഭ്യാസികളുമായി സമ്പർക്കം പുലർത്തുന്നതും, സത്സംഗങ്ങൾ നടത്തുന്നതും, അപ്രകാരം തന്റെ ആത്മീയ സമ്പത്ത് മറ്റുള്ളവർക്കു പകർന്നു നൽകുന്നതും അത്ഭുതപൂർവ്വം വീക്ഷിക്കാനേ ചുറ്റും നിൽക്കുന്നവർക്കു സാധിച്ചുള്ളൂ. അങ്ങിനെ എല്ലാവരിലും അദ്ദേഹം തന്റെ അനുഗ്രഹങ്ങൾ വർഷിച്ചു.

ആഗസ്റ്റ് 27–ാം തിയതി മാസ്റ്റർ ഗുർഗാവ് ആശ്രമത്തിലേക്കു പോയി. അടുത്ത ദിവസം അദ്ദേഹം ഒരു വലിയ കൂട്ടം അഭ്യാസികൾക്കായി സത്സംഗം നടത്തി. അതിനു ശേഷം അഭ്യാസികളെകാണാനായി സമയം ചിലവഴിക്കുകയും അരഡസനിൽ കൂടുതൽ കുട്ടികൾക്ക് പേരിടുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം നഗരത്തിലേക്കു മടങ്ങി.

ആഗസ്റ്റ് 29–ാം തീയതി മാസ്റ്റർ ദില്ലിയിലെ പുതിയ ആശ്രമത്തിന്റെ 2–ാം ഘട്ട രജിസ്ട്രേഷനു വേണ്ടി പുറപ്പെട്ടു. തന്റെ മാസ്റ്ററുടെ ജോലി ചെയ്യുന്നതിലുള്ള ഉത്സാഹവും ആനന്ദവും അദ്ദേഹത്തിൽ വളരെ വ്യക്തമായി കാണാമായിരുന്നു. വീട്ടിലേക്കു മടങ്ങിയെത്തിയപ്പോൾ, ഈ ഘട്ടം രജിസ്ട്രേഷൻ കഴിഞ്ഞതിൽ അദ്ദേഹം സന്തോഷവാനായിരിക്കുമല്ലോ എന്നൊരഭ്യാസി ചോദിച്ചപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു, "ഇത് ഭാവിയിലേക്ക് ഉള്ളതാണ്. എനിക്ക് വർത്തമാന കാലത്തിൽ ഇതിൽ കൂടുതൽ ചെയ്യാനുണ്ട്". ഇത്രയും പറഞ്ഞുകൊണ്ട് അദ്ദേഹം അവിടെ സന്നിഹിതരായിരിക്കുന്നവർക്കായി സത്സംഗം നടത്തി .

## ചെന്നൈ ആഗസ്റ്റ് 30 മുതൽ സപ്തംബർ 30 വരെ

ആഗസ്റ്റ് 30–ാം തീയതി മാസ്റ്റർ ദില്ലിയിൽ നിന്ന് ചെന്നൈയിലേക്കു വന്നു. 31–ാം തീയതി രാവിലെ കോട്ടേജിൽ സന്നിഹിതരായിരുന്ന അഭ്യാസികൾക്കായി മാസ്റ്റർ സത്സംഗം നടത്തി. സത്സംഗം കഴിഞ്ഞ ഉടനെ തന്നെ ഒരഭ്യാസി ദമ്പതികൾ, റംസാൻ ആയതിനാൽ ഒരു സിറ്റിംഗ് നൽകുമോ എന്നു ചോദിച്ചു. അതിനു മറുപടിയായി താനിപ്പോൾ ഒരു സിറ്റിംഗ് നൽകിയതേയുള്ളൂ എന്നും, ക്ഷീണിതനാണെന്നും മാസ്റ്റർ പറഞ്ഞു. ഒന്ന് നിർത്തിയതിനു ശേഷം അദ്ദേഹം, അഞ്ചു മിനിറ്റു കഴിഞ്ഞു സിറ്റിംഗ് നൽകാമെന്നു പറഞ്ഞു. തന്റെ അസൗകര്യങ്ങൾ വകവയ്ക്കാതെ മറ്റുള്ളവരുടെ ആവശ്യങ്ങൾ എപ്രകാരമാണ് മാസ്റ്റർ നിറവേറ്റുന്നതെന്ന് ഈ ഉദാഹരണം വ്യക്തമാക്കുന്നു.

സപ്തംബർ മാസം മുഴുവനും മാസ്റ്റർ ചെന്നൈയിൽ തന്നെയായിരുന്നു. അതിൽ കൂടുതൽ സമയവും മണപ്പാക്കത്തായിരുന്നു. അദ്ദേഹം വൈകുന്നേരങ്ങളിൽ തന്റെ കിടപ്പുമുറിയിൽ നിന്ന് കോട്ടേജിന്റെ പുറകുവശം വഴി ഒരു ചെറിയ സവാരി നടത്തുകയും, പിന്നീട് കുറച്ച് നേരം കോട്ടേജിന്റെ മുന്നിൽ വന്നിരിക്കുകയും ചെയ്യുക പതിവായിരുന്നു. 16–ാം തീയതി രാവിലെ 7:00 മണിക്ക് മാസ്റ്റർ പുതിയ ലൈബ്രറി ഉത്ഘാടനം ചെയ്തു. അതിപ്പോൾ ഉപയോഗിക്കാൻ തയ്യാറായിക്കഴിഞ്ഞു. അതിനു ശേഷം പ്രസാദം അനുഗ്രഹിക്കുകയും അത് ലൈബ്രറി വളണ്ടിയർമാർക്ക് നൽകുകയും ചെയ്തു. സെപ്റ്റംബർ 25–ാം തീയതി ഗാർഡൻ ഓഫ് ഹാർട്സിലെ അഭ്യാസികൾ മാസ്റ്ററെ അത്താഴത്തിനായി ക്ഷണിച്ചു. അവിടെ കൂടിയിരുന്ന അഭ്യാസികൾക്കായി മാസ്റ്റർ പ്രഭാഷണം നടത്തി. മാതാപിതാക്കൾ കുട്ടികളെ എപ്രകാരമാണ് വളർത്തേണ്ടത് എന്ന വിഷയത്തെ കുറിച്ചായിരുന്നു പ്രഭാഷണം. ഈ പ്രഭാഷണം മിഷന്റെ വെബ്സൈറ്റിൽ ഉടൻ തന്നെ ലഭ്യമാകും .



വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



## സപ്തംബർ 30 മുതൽ ഒക്ടോബർ 8 വരെ കൊൽക്കത്തയിൽ

സപ്തംബർ 30-നു വൈകീട്ട് 3.40-ഓടെ മാസ്റ്റർ കൊൽക്കത്തയിലെത്തി. ഒന്നരവർഷത്തോളമായി അദ്ദേഹത്തെ കൊൽക്കത്തയിലേക്ക് കാത്തിരിയ്ക്കുന്ന അഭ്യാസികൾ സ്നേഹോഷ്മളമായ വരവേൽപ്പാണ് അദ്ദേഹത്തിനു നൽകിയത്. ഒക്ടോബർ 3 വരെ ആയിരത്തിയഞ്ഞൂറോളം അഭ്യാസികൾ അവിടെ എത്തിയിരുന്നു. ഒക്ടോബർ ഒന്നും രണ്ടും തിയ്യതികളിൽ പ്രഭാത സത്സംഗം മാസ്റ്റർ നടത്തി.

"ഗ്ലോബൽ സർവീസ് ടീമി"നെ പരിചയപ്പെടുത്തുന്ന ഒരു ചർച്ചായോഗം ഈയവസരത്തിൽ നടന്നു. സെൻറർ ഇൻ ചാർജ്, സോണൽ ഇൻ ചാർജ് എന്നിവരോടൊപ്പം ചില പ്രിഫക്റ്റുകളും 1, 2 തിയതികളിലായി നടന്ന ഈ പരിപാടിയിൽ പങ്കെടുത്തു. ഗ്ലോബൽ സർവീസ് ടീമിൻെറ പ്രവർത്തനങ്ങനളെക്കുറിച്ചും അതിലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ഒരേകദേശ രൂപം അന്നു ചർച്ചായോഗത്തിൽ പങ്കെടുത്തവർക്ക് ലഭിച്ചു.

രണ്ടാം തിയതി വൈകീട്ട് കുട്ടികൾ അവതരിപ്പിച്ച ഖവാലിയും സഹോദരിമാർ അവതരിപ്പിച്ച ഗർബ നൃത്തവും ആസ്വദിച്ച മാസ്റ്റർ അവരോടൊപ്പം ഒരു ഗ്രൂപ്പ് ഫോട്ടോയിലും പങ്കുകൊണ്ടു. അഭ്യാസികളുമൊത്ത് ഭക്ഷണശാലയിലിരുന്ന് അത്താഴം കഴിക്കാനുള്ള കിച്ചൺ ടീമിൻെറ ക്ഷണം അദ്ദേഹം സ്വീകരിച്ചു. അവിടെയുണ്ടായിരുന്ന എല്ലാ അഭ്യാസികൾക്കും അതൊരു അവിസ്മരണീയമായ സന്തോഷാനുഭവമായി.

മൂന്നാം തിയതി രാവിലെ മാസ്റ്റർ വർക്കിംഗ് കമ്മിറ്റി മീറ്റിംഗിനു നേതൃത്വം നൽകി. സഹോദരൻ കമലേഷ് ഡി പട്ടേലിനെ മാസ്റ്ററുടെ പിൻഗാമിയായും , തൻെറ കാലശേഷം മിഷൻെറ പ്രസിഡൻറായും പ്രഖ്യാപിക്കുകയുണ്ടായി. ആ മീറ്റിംഗിനു ശേഷം ഉടൻ തന്നെ ഇതിൻെറ വീഡിയോറെക്കോർഡ് ചെയ്ത് ലോകം മുഴുവനുമുള്ള കേന്ദ്രങ്ങളിലേയ്ക്കും അഭ്യാസികൾക്കുമായി അയച്ചു. വൈകുന്നേരം 5 മണിയ്ക്ക് സത്സംഗം നടത്തിയശേഷം ഇക്കാര്യം അറിയിച്ചു കൊണ്ട് സഹോദരൻ കമലേഷ് ഡി പട്ടേലിനെ അവിടെ സന്നിഹിതരായിരുന്ന അഭ്യാസികൾക്ക് പരിചയപ്പെടുത്തി.

അഞ്ചാം തിയതി രാവിലെ സഹോദരൻ കമലേഷ് പട്ടേൽ സത്സംഗം നടത്തിയശേഷം സാധനയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ആ സമയം മാസ്റ്റർ സഹോദരൻ അജയ് ഭട്ടറുടെ വസതിയിലേക്ക് യാത്ര തിരിച്ചിരുന്നു. എട്ടാം തിയ്യതി ഗുവാഹത്തിയിലേക്ക് പോകുന്നതുവരെ അദ്ദേഹം അവിടെയാണ് താമസിച്ചത്.



## ഒക്ടോബർ 8 മുതൽ 10 വരെ ഗുവാഹത്തിയിൽ

വടക്കു കിഴക്കൻ അഭ്യാസികളുടെ പതിനെട്ടുവർഷത്തോളം നീണ്ട കാത്തിരിപ്പിനു വിരാമമിട്ടു കൊണ്ട് മാസ്റ്റർ ഗുവാഹത്തിയിൽ എത്തി. നഗരത്തിൽ നിന്നും 25 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന സോണൽ ആശ്രമത്തിലാണ് ഒൻപതാം തിയതി മാസ്റ്റർ ചിലവഴിച്ചത്. പച്ചപ്പാർന്ന മലനിരകളാൽ ചുറ്റപ്പെട്ടതാണ് ഈ സ്ഥലം. പരമ്പരാഗത നൃത്തരൂപമായ ബിഹു അവതരിപ്പിച്ചു കൊണ്ടാണ് മാസ്റ്ററെ അവർ വരവേറ്റത്.

സത്സംഗത്തിനുശേഷം ഏഴു വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലേയും പരമ്പരാഗതരീതിയിൽ മാസ്റ്റർക്ക് സ്വീകരണമൊരുക്കി. സംഗീതത്തിലെ സപ്തസ്വരങ്ങളുമായി താരതമ്യം ചെയ്യുകൊണ്ട് അദ്ദേഹം "ഏഴി"ൻെറ മനോഹാരിത ചൂണ്ടിക്കാട്ടി. ഏതെങ്കിലും ഒരു സ്വരം മാത്രമുപയോഗിച്ച് സംഗീതം ഉണ്ടാക്കാൻ സാധിക്കില്ല. അതിനു സ്വരങ്ങളേഴും ആവശ്യമാണ്. നമ്മുടെ സംസ്ഥാനങ്ങളും ഭാഷകളും ജീവിത രീതികളുമൊക്കെ വ്യത്യസ്തമാണെങ്കിലും നമ്മുടെ ലക്ഷ്യമൊന്നാണ്. അതുകൊണ്ടു തന്നെ ഐക്യബോധം നമ്മളിലുണ്ടാവണം. അദ്ദേഹം സൂചിപ്പിച്ചു.

സത്സംഗത്തിനുശേഷം അദ്ദേഹം ആശ്രമത്തിൻെറ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി. വൈകീട്ടത്തെ സത്സംഗത്തിനുശേഷം സോണൽ ആശ്രമത്തിനു 'ജ്യോതി' എന്നുനാമകരണം ചെയ്യുകയും, എല്ലാ ഞായറാഴ്ച്ചകളിലും അവിടെ സത്സംഗം നടത്തണമെന്നു നിഷ്കർഷിക്കുകയും ചെയ്തു.

പത്താം തിയതി മാസ്റ്റർ ഗുവാഹത്തി സിറ്റി ആശ്രമത്തിലെ മെഡിറ്റേഷൻ ഹാളിൻെറ ഉത്ഘാടനം നടത്തി. സത്സംഗത്തിനുശേഷം അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ഇങ്ങനെ ഓർമ്മിപ്പിച്ചു. "സാധന ജീവിത രീതിയാണ്. ജീവശ്വാസം പോലെയാണത്. നമ്മുടെ ഭൗതിക ശരീരത്തിനു നിലനിൽക്കാൻ ഭക്ഷണമാവശ്യമെന്ന പോലെ ആത്മീയ ശരീരത്തിൻെറ ഭക്ഷണമാണ് പ്രാണാഹുതി. ആത്മീയ ശരീരത്തെ അവഗണിക്കുന്നത് ആത്മാവിൻെറ മൃത്യുവിലേയ്ക്ക് നയിക്കും."



വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



## ദില്ലി – 10 – 13 ഓക്ടോബർ 2011


ഗുവാഹത്തിയിൽനിന്നും വായുമാർഗ്ഗേന ഒക്ടോബർ 10–ന് വൈകുന്നേരം 7:30–ന് മാസ്റ്റർ ദില്ലിയിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ സ്വീകരിക്കാൻ നൂറോളം അഭ്യാസികൾ എത്തിയിരുന്നു. അതീവ സന്തോഷവാനായിരുന്ന മാസ്റ്റർ അവിടെ കൂടിനിന്നവരെയെല്ലാം അഭിവാദനം ചെയ്തു. രാത്രിഭക്ഷണത്തിനുശേഷം അദ്ദേഹം താമസിച്ചിരുന്ന വീട്ടിലെ എല്ലാവരെയും തന്റെ സ്വതസിദ്ധമായ ശൈലിയിലുള്ള നർമ്മത്തിലൂടെ ആനന്ദത്തിലാറാടിച്ചു.

പിറ്റേദിവസം വൈകീട്ട് നാലു മണിയോടെ അദ്ദേഹം ഗുർഗാവ് ആശ്രമത്തിൽ എത്തിച്ചേർന്നു. അര മണിക്കൂറോളം എല്ലാവരുമായി ഇടപഴകിയ അദ്ദേഹം അവിടത്തെ പുൽത്തകിടിയിലിരുന്നു. പുൽത്തകിടിയിൽ ഉണ്ടായിരുന്ന ഒരു പ്രതിമയെപ്പറ്റി ആരോ ചോദിച്ചപ്പോൾ, ഈ പ്രതിമ ദ്രോണാചാര്യരുടേതാണെന്നും , ഗുർഗാവ് എന്ന പേര് ഗുരുഗ്രാമം എന്നതിൽനിന്നും ഉടലെടുത്തതാണെന്നും അദ്ദേഹം പറഞ്ഞു. (ഗുരുഗ്രാമം ദ്രോണരുടെ ഗ്രാമമെന്നാണ് ഇതിഹാസങ്ങൾ പറയുന്നത്). സംഭാഷണങ്ങൾക്കിടയിൽ സഹോ. കമലേഷ് പട്ടേലിനെ അടുത്ത പ്രതിനിധിയായി നാമനിർദ്ദേശം ചെയ്ത വിവരം സ്നേഹത്തോടെ എല്ലാവരുമായി പങ്കുവെച്ചു. അതിനുശേഷം സത്സംഗം നടത്തുകയും ചെയ്തു.

ഒക്ടോബർ 12–ാം തിയതി സത്സംഗത്തിനായി കാലത്ത് 7 മണിക്ക് ധ്യാനമന്ദിരത്തിൽ അദ്ദേഹം എത്തിച്ചേർന്നിരുന്നെങ്കിലും, അഭ്യാസികൾ അപ്പോൾ എത്തിക്കൊണ്ടിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ആ സമയം അദ്ദേഹം ഒരു ചെറിയ പ്രസംഗത്തിനു വേണ്ടി വിനിയോഗിച്ചു. ശരിയായരീതിയിലുള്ള സാധനയെപ്പറ്റിയും ,മനോഭാവത്തെപ്പറ്റിയും നടത്തിയ പ്രസംഗം സഹോ. കമലേഷ് പട്ടേലിനെ പരിചയപ്പെടുത്തി ഉപസംഹരിച്ചു. സത്സംഗത്തിനുശേഷം അദ്ദേഹം രണ്ടു വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. ഒക്ടോബർ 13–ാം തിയതി അദ്ദേഹം വളരെ നേരത്തെ തന്നെ തയ്യാറാവുകയും , 6:30–ന അവിടെ കൂടി നിന്നവർക്ക് വേണ്ടി ഒരു സത്സംഗം നടത്തുകയും ചെയ്തു. പ്രാതലിനു ശേഷം കാലത്ത് 8 മണിയോടെ എയർപോർട്ടിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

## ദുബായ്

ഉച്ചയ്ക്ക് 1:15–ഓടെ ദുബായിൽ എത്തിച്ചേർന്ന മാസ്റ്റർ, താമസസ്ഥലമായ സഹോ. സൻജയ് മെഹരീഷിന്റെ വസതിയിൽ 2:30–ഓടെ എത്തിച്ചേർന്നു. വളരെ സന്തോഷവാനായി കാണപ്പെട്ട അദ്ദേഹത്തിന്റെ കൂടെ ഡൽഹിയിൽ നിന്നും അനവധി അഭ്യാസികൾ വന്നിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും നിരവധി അഭ്യാസികൾ 14–ാം തിയതി അവിടെ എത്തിച്ചേർന്നു. യുഎഇ, കുവൈറ്റ്, ഇറാൻ, ബഹറിൻ, ഒമാൻ, പാക്കിസ്ഥാൻ, ഇന്ത്യ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക തുടങ്ങിയ ലോകത്തിലെ 25 രാഷ്ട്രങ്ങളിൽ നിന്നുള്ള 1050 അഭ്യാസികൾ ദുബായിൽ എത്തിയിരുന്നു.



'മാറ്റത്തിനായി പ്രാർത്ഥിക്കുക– മാറ്റത്തിന് പാത്രമാവുക' എന്ന ശീർഷകമുള്ള സെമിനാർ 14–ന് കാലത്തെ സത്സംഗത്തോടെ അദ്ദേഹം ഉദ്ഘാടനം ചെയ്യുകയും, സത്സംഗത്തിന് ശേഷം സഹോ. കമലേഷ് പട്ടേലിനെ പരിചയപ്പെടുത്തുകയും ചെയ്തു.

15–ാം തിയതി നടന്ന പ്രിഫെക്റ്റുമാരുടെ സമ്മേളനത്തിൽ ഗ്ലോബൽ സർവീസ് ടീമിനെപ്പറ്റി മാസ്റ്റർ സംസാരിച്ചു. ബാബുജിയുടെ സമയത്ത് വളരെ ചെറുതും ലളിതവുമായിരുന്ന നമ്മുടെ മിഷൻ ഇപ്പോൾ വളരെയധികം വളർന്നിരിക്കുന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു.

.... "ഞാൻ ഒരിക്കൽ കൂടി ആവർത്തിക്കുന്നു, എന്റെ ജോലി ദീപം തെളിയിക്കൽ മാത്രമാണ്. ആ പ്രകാശത്തെ കെടാതെ സൂക്ഷിക്കുവാൻ, അതിനായി വിളക്കിൽ എണ്ണ ഒഴിക്കലും, വിളക്കിന്റെ തിരി ശരിപ്പെടുത്തലുമെല്ലാം നിങ്ങളുടെ കർത്തവ്യമാണ്. ഈ ഗ്ലോബൽ സർവീസസ് ടീമുമായി ഇന്നു മാത്രമല്ല ഭാവിയിലും നിങ്ങളുടെ 100 ശതമാനം സഹകരണത്തിനായി ഞാൻ പ്രാർത്ഥിക്കുന്നു. ഈ ടീമിന്റെ ഉദ്ദേശ്യം സേവനമാണ്. അതിനാൽ അവർ നിങ്ങളെ പഠിപ്പിക്കുവാനോ, നിങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുവാനോ ഉദ്ദേശിച്ച് രൂപീകരിച്ചതല്ല മറിച്ച് നിങ്ങളുടെ വിഷമതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി രൂപീകരിച്ചതാണ്. പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാം, എന്തു ചെയ്യണം, ഇന്ത്യയിലെ എന്റെ അനുഭവം, ഇറാനിലെ നിങ്ങളുടെ അനുഭവം, ടിംബുക്ടുവിലെ നിങ്ങളുടെ അനുഭവം എന്നിങ്ങനെ എല്ലാം ഇതിൽ ഉൾപ്പെടും. നമ്മുടെ അനുഭവങ്ങളും ജോലികളും കൈമാറ്റം ചെയ്യുവാനും പിന്നെ പല പ്രവൃത്തികളിലൂടെ ലഭിച്ച അനുഭവസമ്പത്ത് കൈമാറുവാനും, ഭാവിയിൽ എല്ലാ കാര്യങ്ങളും കാര്യക്ഷമമായി ചെയ്യാൻ എങ്ങനെ സാധിക്കും എന്നതുമാണ് ഈ ഉദ്യമത്തിന്റെ ലക്ഷ്യം."

ഇറാൻ, യുഎഇ എന്നിവിടങ്ങളിലെ സെൻററുകളിൽ നിന്നുള്ള അഭ്യാസികളുമായി മാസ്റ്റർ കൂടിക്കാഴ്ച നടത്തി ഈ കൂടിക്കാഴ്ചയിൽ നടന്ന സംഭാഷണത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "സ്നേഹിക്കുന്നതിനും വേണമെന്നുള്ളതിനും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. എനിയ്ക്ക് ഒരു മാസ്റ്ററെ വേണം, എന്തിന്? ഞാനിപ്പോൾ മാസ്റ്ററെ സ്നേഹിക്കുന്നു , അതുകൊണ്ട് അദ്ദേഹത്തെ അനുസരിക്കുന്നു. അതുകൊണ്ട് സഹജമാർഗ്ഗത്തിൽ അനുസരണം എന്നത് ദശസൂക്തങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞിട്ടുള്ളതല്ല, മറിച്ച് സ്നേഹത്തിൽ നിന്ന് ഉടലെടുത്തതാണ് . ഞാൻ സ്നേഹിക്കുന്നു അതുകൊണ്ട് ഞാൻ അനുസരിക്കുന്നു. അനുസരണ ഹൃദയത്തിൽ നിന്നും വരുന്നതാണ്, മനസ്സിൽ നിന്നോ അല്ലെങ്കിൽ പേടിയിൽ നിന്നോ അല്ല മറിച്ച് സ്നേഹത്തിൽ നിന്നും ഉടലെടുക്കുന്നതാണ്

മാസ്റ്റർ ഒക്ടോബർ 22–ന് മുംബൈയിലേക്കും പിന്നെ അവിടെ നിന്ന് ഒക്ടോബർ 25–ന് അഹമ്മദാബാദിലേക്കും യാത്ര തിരിച്ചു. ാലത്ത് 8 മണിയോടെ എയർപോർട്ടിലേക്ക് യാത്ര തിരിക്കുകയും ചെയ്തു.

## മുഴുദിന പരിപാടികൾ




### വിരുദുനഗർ, തമിഴ്നാട്

ആഗസ്റ്റ് 1-ന മേഖലാ കൊ-ഓർഡിനേറ്റർ ശ്രീ എൻ. പ്രകാശും, സോണൽ ഇൻ ചാർജ് ടി.വി. വിശ്വനാഥ റാവുവും വിരുദുനഗറിലെ ചിന്നവല്ലിക്കുളം ആശ്രമം സന്ദർശിച്ചു. വിരുദുനഗർ, ചിന്നവല്ലിക്കുളം, അരുപ്പുക്കോട്ടൈ, കരിയപ്പട്ടി, കോവിൽപ്പട്ടി, ശ്രീവില്ലിപുത്തൂർ, രാജപാളയം, ശിവകാശി എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള ഏകദേശം അമ്പത് സഹോദരീ സഹോദരന്മാർ അന്നത്തെ മുഴുദിന പരിപാടിയിൽ പങ്കെടുത്തു.

രാവിലത്തെ സത്സംഗത്തിനുശേഷം സഹോദരൻ പ്രകാശ് പ്രചോദനമേകുന്ന ഒരു പ്രഭാഷണം നടത്തി. ഉച്ചഭക്ഷണത്തിനുശേഷം സംഘങ്ങൾ "അഭ്യാസികളുടെ മെച്ചപ്പെട്ട ഗുണങ്ങൾ" എന്ന വിഷയത്തെപ്പറ്റി നടത്തിയ ചർച്ചയിൽ പല കാര്യങ്ങളും വെളിപ്പെട്ടു. പല സമയങ്ങളിലും മാസ്റ്ററുടെ സാന്നിദ്ധ്യം അനുഭവപ്പെട്ടതായി അഭ്യാസികൾ ആവർത്തിച്ചു പറഞ്ഞു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

### ഗുവഹാത്തി

യുവാക്കളുടെ നിരന്തര പരിശ്രമത്തിൻെറ ഫലമായി സപ്തംബർ 3-ന ഗുവഹാത്തി കേന്ദ്രം പ്രവർത്തന നിരതമായി. രാവിലത്തെ സത്സംഗത്തിനുശേഷം എക്കോസ് വാർത്താപത്രികയുടെ സപ്തംബർ ലക്കത്തിലെ പ്രധാന ഭാഗങ്ങൾ സ്ലൈഡ്ഷോ വഴി പ്രദർശിപ്പിച്ചു. ഭക്ഷണത്തിനുശേഷം പുതിയ അഭ്യാസികളുടെ സംശയ നിവാരണത്തിനായി ഒരു പരിപാടി സംഘടിപ്പിച്ചു. പഴയ അഭ്യാസികൾക്കും അവരുടെ സാധനയെപ്പറ്റി പല സംശയങ്ങളും ഉണ്ടായിരുന്നു എന്ന് ഇതിൽ നിന്നു മനസ്സിലായി. എസ് എം എസ് എഫ് നിർമ്മിച്ച സ്ലൈഡുകളുടെ സഹായത്തോടെയാണ് ഈ പരിപാടി അവതരിപ്പിച്ചത്. എല്ലാവർക്കും ഇതു ഉപയോഗപ്പെട്ടു. എല്ലാ അഭ്യാസികളേയും പങ്കെടുപ്പിച്ച ഒരു ചോദ്യോത്തര പരിപാടിയും ഇതിനുശേഷം ഉണ്ടായി. ചായക്കുശേഷം വൈകുന്നേരം 4 മണിക്കു സത്സംഗം ഉണ്ടായിരുന്നു.

### തൃശ്ശൂർ

ഓണാഘോഷത്തോട് അനുബന്ധിച്ച് തൃശ്ശൂർ യോഗാശ്രമത്തിൽ സപ്തംബർ 4-ന ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചിരുന്നു. മാസ്റ്ററുടെ പ്രഭാഷണങ്ങളായ 'ദ



ഇറ്റേർണൽ ഫ്ലേം ഓഫ് ദ ഹാർട്ട്', 'ചേൻജ് ദ ഫ്യൂചർ ഓഫ് ഹ്യൂമാനിറ്റി' എന്നിവയുടെ വീഡിയോ പ്രദർശിപ്പിച്ചു. സെൻറർ ഇൻ ചാർജ് ശ്രീ നാരായണനും, ശ്രീ ജയപ്രകാശും അഭ്യാസികൾക്കായി, ഈ പ്രഭാഷണങ്ങൾ മലയാളത്തിലേക്കു തർജ്ജമ ചെയ്തു സംസാരിച്ചു. അടുത്തകാലത്ത് രൂപീകരിച്ച ഗ്ലോബൽ സർവീസ് ടീമിനെപ്പറ്റിയുള്ള വിവരങ്ങളും, മിഷൻെറ പ്രവർത്തനങ്ങളും സത്കോൽ, ക്രെസ്റ്റ്, റിട്രീറ്റ് സെൻററുകൾ എന്നിവിടങ്ങൾ സന്ദർശിക്കേണ്ടതിൻെറ പ്രാധാന്യവും അഭ്യാസികളുമായി പങ്കുവെച്ചു. അര മണിക്കൂർ നേരത്തേക്ക് ഗോൾഡൻ സൈലെൻസ് അനുഷ്ഠിച്ചു.

### ദേവക്കോട്ടൈ, തമിഴ്നാട്



രാമനാഥപുരം, പരമകുടി, മാനാമദുരൈ, ശിവഗംഗൈ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നു വന്ന ഏകദേശം 80 അഭ്യാസികൾ ദേവക്കോട്ടയിൽ നടത്തിയ ഒരു പരിപാടിയിൽ പങ്കെടുത്തു. 10 മണിക്കു നടത്തിയ പൊതു സദസ്സുമായാണ് പരിപാടി തുടങ്ങിയത്. ശ്രീ മരിയ ശെൽവരാജ് ആമുഖ പ്രഭാഷണം നടത്തി. ഏകദേശം 55 പേർ പങ്കെടുത്തു. അവർക്കു മിഷൻെറ പ്രവർത്തനങ്ങൾ വിവരിച്ചുകൊടുത്തു. മനുഷ്യ ജന്മത്തിൻെറ ഉദ്ദേശ്യം, മതം, മാസ്റ്ററുടെ പങ്ക്, സാധനയുടെ പ്രാധാന്യം, അഭ്യാസിയുടെ പങ്ക്, സഹജമാർഗ ധ്യാനത്തിൻെറ ആവശ്യകത എന്നീ വിഷയങ്ങളെപ്പറ്റി അതിൽ പങ്കെടുത്ത പ്രിഫെക്റ്റുമാർ സംസാരിച്ചു. ഉച്ചക്കുശേഷം അഭ്യാസികൾ അവരവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. വൈകുന്നേരത്തെ സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.



## സേവനം വഴി വളർച്ച, മുംബൈ

സപ്തംബർ, ഒക്ടോബർ തുടങ്ങിയ മാസങ്ങളിൽ എല്ലാ ആഴ്ച്ചകളിലും അവസാന ദിവങ്ങളിൽ രാവിലെ 10 മണിക്ക് തുടങ്ങി വൈകുന്നേരം 4.30 വരെ മുംബൈയിൽ പല സ്ഥലങ്ങളിലും 'സേവനം വഴി വളർച്ച' എന്ന വിഷയത്തെപ്പറ്റി ശിൽപ്പശാലകൾ നടത്തി. ഓരോ ശിൽപ്പശാലയിലും ഏകദേശം 20 പേർ പങ്കെടുത്തു. മിഷനിൽ ആവശ്യമായി വരുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുകയും, അഭ്യാസികളിൽ അതിനുള്ള താത്പ്പര്യം വളർത്തിയെടുക്കുകയും അതിനാവശ്യമായ മനോഭാവം അവരിൽ വളർത്തുകയും സേവനത്തെപ്പറ്റിയുള്ള നിർദ്ധേശങ്ങൾ നൽകുകയുമായിരുന്നു ഈ ശിൽപ്പശാലയുടെ ഉദ്ധേശ്യം.

സപ്തംബർ 11–നു ജൽഗാവിൽ നടത്തിയ ശിൽപ്പശാലയിൽ അതിനടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നുള്ള 30 അഭ്യാസികൾ പങ്കെടുത്തു. സ്ലൈഡുകൾ ഇംഗ്ലീഷിൽ ആയിരുന്നതിനാൽ അഭ്യാസികൾ അത് ഹിന്ദിയിലേക്കും മറാത്തിയിലേക്കും തർജമ ചെയ്തു കൊടുത്തു. എല്ലാ അഭ്യാസികളും അതീവ താത്പ്പര്യത്തോടുകൂടി ഇതിൽ പങ്കെടുത്തു. സത്സംഗത്തോടുകൂടി പരിപാടി അവസാനിച്ചു.

## സാർവലൗകിക സമാധാന ദിനം, ഗുജറാത്ത്

സാർവലൗകിക സമാധാന ദിനമായ സപ്തംബർ 21–നു ഗുജറാത്തിൽ 29 സ്ഥലങ്ങളിൽ പ്രാർഥനായോഗങ്ങൾ സംഘടിപ്പിച്ചു. ഇതിൽ 525 അഭ്യാസികളും 1600 അതിഥികളും പങ്കെടുത്തു.

ജാംനഗറിൽ നാലു വേദികളിലായി നടത്തിയ പരിപാടിയിൽ അതിഥികളും അഭ്യാസികളുമടക്കം 400 പേർ പങ്കെടുത്തു. ഭാവ്നഗറിൽ 200 പേരും പോർബന്ധറിൽ അമ്പതു പേരും ഈ പരിപാടിയിൽ പങ്കെടുത്തു. കാഡിയിൽ ഇതൊരു സ്കൂളിൽവെച്ചാണ് നടത്തിയത്. 225 അതിഥികളും അഭ്യാസികളും പങ്കെടുത്തു. ഭുജ്, രാജ്കൊട്ട് എന്നീ സ്ഥലങ്ങളിൽ 60 പേർ പങ്കെടുത്തു. ഇതിനാവശ്യമായ ക്ഷണക്കത്തുകൾ, ബാനറുകൾ, അവതരണ സാമഗ്രികൾ എന്നിവ 15 ദിവസം മുമ്പു തന്നെ തയ്യാറാക്കിയിരുന്നു. ക്ഷണക്കത്തുകൾ അഭ്യാസികളുടെ കുടുംബത്തിലും, ബന്ധുക്കൾക്കിടയിലും വിതരണം ചെയ്തിരുന്നു. സാർവലൗകിക പ്രാർഥന ഗുജറാത്തിയിൽ എഴുതിയ ബാനർ അവിടെ സ്ഥാപിച്ചിരുന്നു. അതിനാൽ അവിടെ വന്നവർക്ക് അത് മനപ്പാഠമാക്കാൻ സൗകര്യമായിരുന്നു.



## ഇച്ഛാശക്തി ഉപയോഗിക്കാനുള്ള പരിപാടി, മുംബൈ

ഇച്ഛാശക്തിയെപ്പറ്റി ഒരു പരിപാടി സപ്തംബർ 4–നു മുംബൈയിൽ നടത്തി. അതിൽ 55 അഭ്യാസികൾ പങ്കെടുത്തു. സ്വാഗത പ്രസംഗം, മാസ്റ്ററെപ്പറ്റി ഒരു പാട്ട്, അവതരണം എന്നിവയോടുകൂടിയാണ് ഈ പരിപാടി തുടങ്ങിയത്. ഇച്ഛാശക്തിയെപ്പറ്റിയുള്ള മാസ്റ്ററുടെ പ്രഭാഷണങ്ങളും, വീഡിയോ പ്രദർശനങ്ങളും ഇംഗ്ലീഷിലും, ഹിന്ദിയിലും ഉണ്ടായിരുന്നു. ഇതിൽ പങ്കെടുത്തവർക്ക് സഹജ മാർഗത്തിൽ ഈ വിഷയത്തെപ്പറ്റിയുള്ള പുസ്തകങ്ങളും മറ്റും വിതരണം ചെയ്തു. അഭ്യാസികൾ സാധന തീവ്രതയോടെ ചെയ്യാനുള്ള തീരുമാനത്തോടെ ഈ പരിപാടി അവസാനിച്ചു.

## കർണാടകയിലെ ഗദഗിൽ ദശസൂക്തങ്ങളെപ്പറ്റിയുള്ള പരിപാടി

കർണാടകയിലെ ഹുബ്ലിക്കടുത്തുള്ള ഗദഗിൽ ദശ സൂക്തങ്ങളെപ്പറ്റി നടത്തിയ പരിപാടിയിൽ 53 അഭ്യാസികൾ പങ്കെടുത്തു. രാവിലത്തെ സത്സംഗത്തോടുകൂടി പരിപാടി ആരംഭിച്ചു. ദശസൂക്തങ്ങളിൽ വിവരിച്ചിരിക്കുന്നതുപോലെ സന്തുലിത ജീവിതം നയിച്ച് സ്വഭാവ രൂപികരണം നടത്തേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞു. മാസ്റ്ററുടെ ജീവിതത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ വഴി ഓരോ സൂക്തങ്ങളും വിവരിച്ചുകൊടുത്തു. ഉച്ചഭക്ഷണത്തിനു ശേഷം കുട്ടികൾ പാട്ട് പാടി. അവർ കൈകൊണ്ട് നിർമിച്ച വസ്തുക്കളും അവിടെ പ്രദർശിപ്പിച്ചിരുന്നു. നന്ദിപ്രകടനത്തോടുകൂടി പരിപാടി അവസാനിച്ചു.



വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക



## രാജസ്ഥാൻ-യുവാക്കൾക്കായി അവബോധ പരിപാടി

സപ്തംബർ 4-ാം തീയതി രാജസ്ഥാൻ സോണിലെ യുവഅഭ്യാസികൾക്കായി ജയ്പൂരിൽവെച്ച് ഒരു അവബോധ പരിപാടി നടത്തി. വിവിധ സെൻററുകളിൽ നിന്നായി എഴുപതോളം യുവാക്കൾ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട കൊ-ഓർഡിനേറ്റർമാർ വിവിധ വിഷയങ്ങളെഅധികരിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

♦സഹജമാർഗ്ഗത്തെപ്പറ്റിയുള്ള ശരിയായ കാഴ്ച്ചപ്പാടെന്താണ്? യുവാക്കൾക്കായി അതെങ്ങിനെ ഉപയുക്തമാക്കാം?

♦യുവ കൊ-ഓർഡിനേറ്റർ എന്ന നിലയിൽ നിങ്ങളുടെ സെൻററിൽ നടത്തുന്ന പരിപാടികളെന്തെല്ലാമാണ്?

♦സഹജമാർഗ്ഗ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ എന്തെല്ലാം?

♦ക്രെസ്റ്റ് ഖരഗ്പൂരിനെപ്പറ്റി വിവരണം, ബാംഗ്ലൂരിൽ നടന്ന യുവാക്കളുടെ സെമിനാറിനെപ്പറ്റി വിശദീകരണം.

വിവിധ സെൻററുകളിൽ നിന്നുള്ള യുവാക്കളെപൊതുവായ ഒരു വേദിയിൽ കൊണ്ടുവന്ന്, മറ്റുള്ളവരുമായി ഇടപഴകുക, തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുക, സഹോദരമനോഭാവം വളർത്തുക എന്നീ ലക്ഷ്യത്തോടെയാണ് ഈ പരിപാടി സംഘടിപ്പിച്ചത്. സെൻററുകളിലെ വിവിധ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ച് അനുഭവങ്ങൾ പങ്കുവെക്കുക, ചോദ്യോത്തര പരിപാടി, വീഡിയോ പ്രദർശനം തുടങ്ങിയവയിലൂടെയാണ് ഇത് സാധ്യമാക്കിയത്. വൈകീട്ട് 'ജീവിതകാലം' എന്ന്പേരിട്ട ഒരു പരിപാടിയിലൂടെ കുടുംബം, ജോലി, മിഷൻ, വ്യക്തി എന്ന നാലുവ്യത്യസ്ത അവസ്ഥകളിൽ പെരുമാറേണ്ടതെങ്ങനെ എന്നതിനെപ്പറ്റി വിശദമാക്കി. വൈകീട്ട് സത്സംഗത്തോടെ സെമിനാർ അവസാനിച്ചു.

ഒക്ടോബർ 9-ാം തിയതി രണ്ടു മണിക്കൂർ നേരത്തേക്ക് ബിൽവാരയിൽ യുവാക്കൾക്കായി ഒരു സമ്മേളനം നടത്തി. സഹജമാർഗ്ഗത്തെപ്പറ്റിയുള്ള ശരിയായ കാഴ്ചപ്പാടെന്താണ്? യുവാക്കൾക്കായി അതെങ്ങനെ ഉപയുക്തമാക്കണം? എന്നീവിഷയങ്ങളെഅധികരിച്ച് ചർച്ചനടത്തി. ചർച്ചയിൽ പത്ത് അഭ്യാസികൾ പങ്കെടുത്തു.

ആഗസ്റ്റ് 20- 22 തിയതികളിൽ, 'വ്യക്തിഗതപരിണാമം' എന്ന വിഷയത്തെക്കുറിച്ച് അജ്മീറിലെ യുവ കൊ-ഓർഡിനേറ്റർ ഡോ.സണ്ണി ഒരു ത്രിദിന പരിപാടി സംഘടിപ്പിച്ചു. പ്രിഫെക്റ്റ് ഡോ.വികാസ്, ഗൃഹാതുരമായ അന്തരീക്ഷത്തിൽ ഈ പരിപാടി നടത്തി. എല്ലാ ദിവസവും രാവിലെയും വൈകിട്ടും സത്സംഗമുണ്ടായിരുന്നു.

പരസ്പരം അറിയലിനുശേഷം 'മറ്റുള്ളവർക്കും എനിക്കും എവിടെയാണ് പിഴച്ചത്?'എന്ന ആത്മ പരിശോധന നടത്തുവാൻ ഏവർക്കും അവസരം ലഭിച്ചു. പ്രശ്നം അവനവനിൽ തന്നെയാണെന്നും മറ്റുള്ളവരിലല്ലെന്നുമുള്ള തിരിച്ചറിവ് എല്ലാവർക്കുമുണ്ടായി. അന്നുവരെതിരിച്ചറിയാത്ത, വ്യക്തിയുടെ നല്ല വശങ്ങൾ അറിയാനും അവസരം ലഭിച്ചു. ഹൃദയങ്ങൾ തുറക്കപ്പെടുകയും ആന്തരികമായി തന്നെപ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കുകയും ചെയ്തു. ഡയറി എഴുതൽ, 'എങ്ങിനെ ലക്ഷ്യപ്രാപ്തിയടയാം', 'ആധ്യാത്മിക ജീവിതം തിരഞ്ഞെടുക്കൽ' തുടങ്ങിയ വിഷയങ്ങളെഅധികരിച്ച് നടന്ന പരിപാടി, സാധനയെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ഈ പരിപാടിയിലൂടെ തങ്ങളുടെ സഹോദരന്മാരെയും സഹോദരിമാരെയും പരസ്പരം അറിയാനും അതോടൊപ്പം സ്വയം വിലയിരുത്താനും ഏവർക്കും അവസരം ലഭിച്ചു.

## ഫാക്കൽറ്റി വികസന പരിപാടി

**ടിപ്റ്റൂർ, കർണ്ണാടക**

ടിപ്റ്റൂരിൽ സപ്തംബർ 24-25 തിയതികളിൽ കർണ്ണടക സൗത്ത് സോണിലെ 37 അഭ്യാസികൾക്കായി കന്നഡ ഭാഷയിൽ 'സ്പന്ദന: ഫാക്കൽറ്റി വികസന പരിപാടി' നടത്തി. പരിമിതപ്പെടുത്താത്ത രീതിയിൽ സഹജമാർഗ്ഗ തത്വങ്ങളും പരിശീലന ക്രമങ്ങളും മറ്റുള്ളവരിലേക്ക് പകരുന്നതിനായി മിഷൻെറ പ്രതിനിധികളായി വളർത്തുക എന്ന ലക്ഷ്യമിട്ടാണ് ഈ പരിപാടി സംഘടിപ്പിച്ചത്. വിദഗ്ദ പരിശീലകരാൽ നടത്തപ്പെട്ട ഈ പരിപാടിയിൽ 'ഫലപ്രദമായ സംവേദനക്ഷമത വളർത്തൽ', 'ആദ്ധ്യാത്മികാന്വേഷികൾക്ക് സഹജമാർഗ്ഗം പരിചയപ്പെടുത്തുമ്പോൾ എല്ലാ വശങ്ങളും ഉൾപ്പെടുത്തുക', വിവിധ സന്ദർഭങ്ങൾക്കനുയോജ്യമായി സഹജമാർഗ്ഗം പരിചയപ്പെടുത്തുക തുടങ്ങിയവയായിരുന്നു പഠന വിധേയമാക്കിയത്. പരിശീലന ക്രമത്തിലൂടെ പങ്കെടുത്തവരെ വിഷയം പരിചയിപ്പിച്ചു. പങ്കെടുത്തവരിൽ ചിലർ മുൻകൂട്ടി നൽകിയ വിഷയങ്ങളിൽ പ്രബന്ധമവതരിപ്പിക്കുകയും പരിശീലകരിൽ നിന്ന് അവരുടെ അഭിപ്രായങ്ങൾ ലഭിക്കുകയും ചെയ്തു. പങ്കെടുത്തവർക്ക് വിവിധ ഫാക്കൽറ്റി അവസരങ്ങളെപ്പറ്റി വിശദീകരിക്കുകയും അവ തങ്ങളുടെ സെൻററിൽ, സെൻററിലെ കൃത്യനിർവ്വഹകരുമായി കൂടിയാലോചിച്ച് നടപ്പിലാക്കുവാനായി നിർദ്ദേശിച്ചു.

ഈ പരിപാടി പങ്കെടുത്തവർക്ക് വളരെ ഉപയുക്തമായി. സഹജമാർഗ്ഗം പ്രചരിപ്പിക്കുന്നതിനുവേണ്ടതായ ആത്മവിശ്വാസമാർജ്ജിക്കാൻ ഇത് സഹായകമായി. പുത്തൻ ഉണർവ്വോടും, മാസ്റ്ററുടെ പ്രവർത്തനത്തിൽ ഭാഗഭാക്കാവാനുള്ള അവസരത്തിൽ ഉത്സുകരായുമാണ് അഭ്യാസികൾ തങ്ങളുടെ സെൻററുകളിലേക്ക് മടങ്ങിയത്.



വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക








## ചെന്നൈയിലെ കുട്ടികൾക്കായി ഒരു ശിൽപശാല

എട്ടിനും പന്ത്രണ്ടിനുമിടയിലുള്ള കുട്ടികൾക്കായി ഒരു കരകൗശല ശിൽപശാല ഒക്ടോബർ 9–ാം തിയ്യതി നടത്തി. തൊണ്ണൂറോളം കുഞ്ഞുങ്ങൾ ഉത്സാഹപൂർവ്വം പങ്കെടുത്തു. ദീപാവലി കാർഡുകൾ, ഫോട്ടോ ചട്ടകൂടുകൾ, ചുമർ ചിത്രങ്ങൾ, ജന്മദിന തൊപ്പികൾ, വിവിധ വർണ്ണങ്ങളിലുള്ള കണ്ണടകൾ തുടങ്ങിയവ അവർ നിർമ്മിച്ചു. അവർ പ്രചോദനാത്മകമായ ഉദ്ധരിണികൾ ചിത്രീകരിക്കുകയും, ടീ–ഷർട്ടുകളിൽ ഭംഗിയുള്ള ചിത്രങ്ങൾ വരക്കുകയും ചെയ്തു. സർഗാത്മകമായ, സ്വയം വിഭാവനം ചെയ്ത ചിത്രങ്ങൾ അവർ സഞ്ചികളിൽ ചിത്രീകരിക്കുകയും പോളിത്തീനിന്റെ ഉപയോഗം പ്രകൃതിയെ ദോഷമായി ബാധിക്കുമെന്ന ആശയം പ്രചരിപ്പിക്കുകയും ചെയ്തു. മൂല്യങ്ങളെഅറിയുവാനുള്ള അവസരം കുട്ടികൾ സന്തോഷത്തോടെ ഉപയോഗിച്ചു.

## തമിഴ്നാട്ടിലെ പുതിയ സെൻറർ

തിരുപ്പൂരിനടുത്ത് കരുമാതംപട്ടിയിൽ ഒരു പുതിയ സെൻറർ ആഗസ്റ്റ് 28–ാം തിയതി ഉദ്ഘാടനം ചെയ്തു. പ്രഭാതത്തിൽ സത്സംഗത്തോടെ പരിപാടി തുടങ്ങി. തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സഹോ.ടി.വി. വിശ്വനാഥറാവു, തിരുപ്പൂർ സെൻറർ വികസിപ്പിക്കുന്നതിനായി അഭ്യാസികൾ ചെയ്ത പ്രയത്നങ്ങളെഓർമ്മിപ്പിച്ചു. അപ്രകാരം പുതിയസെൻററിനു വേണ്ടിയും ആത്മാർത്ഥമായി അദ്ധ്വാനം ചെയ്യുവാനും, കൂടുതൽ സെൻററുകൾ ഉണ്ടാകുവാൻ വഴിയൊരുക്കുവാനും അദ്ദേഹം അഭ്യർത്ഥിച്ചു.

ഒരു പൊതുസദസ്സ് നടത്തുകയും സഹജമാർഗ്ഗത്തിന്റെ പ്രധാന വൈശിഷ്ട്യങ്ങളെപ്പറ്റി വിവരിക്കുകയും ചെയ്തു. പങ്കെടുത്തവരിൽ ഭൂരിഭാഗം പേരും പരിശീലനം തുടങ്ങാൻ ഉത്സാഹം കാണിച്ചു.

## പുതിയ ധ്യാനമന്ദിരം, നൈനിറ്റാൾ, ഉത്തരാഖണ്ട്

നൈനിറ്റാളിന്റെ ചിരകാല സ്വപ്നമായിരുന്ന ധ്യാനമന്ദിരം സപ്തംബർ 4–ാം തിയതി ഉദ്ഘാടനം ചെയ്തു. 150–ഓളം അഭ്യാസികളെഉൾക്കൊള്ളാവുന്ന ധ്യാനമന്ദിരം ഒരു അഭ്യാസി സഹോദരന്റെ വീടിന്റെ മുകൾ നിലയിലാണ്. ഉദ്ഘാടന ദിവസത്തിന്റെ തലേന്ന് നടത്തിയ ഒരു മുഴുദിന പരിപാടിയിൽ പാട്ട് പാടൽ, പദ്യം ചൊല്ലൽ, കുട്ടികളുടെ ഭജൻ, പ്രഭാഷണം തുടങ്ങിയവയുണ്ടായിരുന്നു. ധ്യാനമന്ദിരത്തിന്റെ സമർപ്പണത്തിനുശേഷം തദ്ദേശവാസികളായ അഭ്യാസികളിൽ പുത്തനുണർവുണ്ടായിട്ടുണ്ട്.

## സ്വഭാവരൂപികരണം, തിരുപ്പൂർ

സ്വഭാവരൂപികരണം എന്ന വിഷയത്തെ ആസ്പദമാക്കി, തിരുപ്പൂരിലെചെട്ടിപ്പാളയം യോഗാശ്രമത്തിൽ ആഗസ്റ്റ് 14, 15 തിയ്യതികളിലായി, സഹോ. രവിസുബ്ബയ്യന്റെ നേതൃത്വത്തിൽ ഒരു കൂട്ടം യുവ അഭ്യാസികൾക്കായി, അവരുടെ അപേക്ഷ പ്രകാരം, ഒരു പരിപാടി നടത്തി.

14–ാം തിയതി ഞായറാഴ്ച്ച സത്സംഗത്തിനുശേഷം 'സ്വയം വിശകലന' നിർണ്ണയത്തോടെ പരിപാടി തുടങ്ങി. അഭ്യാസികൾക്ക് വിഷയത്തെ അധികരിച്ച് സ്വയം വിശകലനത്തിനായി പതിമൂന്ന് ചോദ്യങ്ങൾ നൽകുകയും തങ്ങളുടെ സ്വഭാവരൂപികരണത്തിനായി അതുവരെ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് എഴുതുവാൻ ആവശ്യപ്പെടുകയും ചെയ്തു.

ഈ വിഷയത്തെപ്പറ്റി മാസ്റ്ററുടെ ഉദ്ധരണികളും, 'വിസ്പേർസ് ഫ്രം ദ ബ്രൈറ്റർ വേൾഡി'ലൂടെ ലഭിച്ച സന്ദേശങ്ങളും പങ്കുവെച്ചു. സ്വഭാവം എന്നത് സത്യസന്ധവും നീതിപൂർണവുമായ ജീവിതം നയിക്കൽ മാത്രമല്ല എന്നും, നിത്യ ജീവിതത്തിന്റെ ഓരോ സന്ദർഭങ്ങളിലും ഉപയോഗിക്കേണ്ട അടിസ്ഥാനപരമായ ഒരു കൂട്ടം തത്വങ്ങൾ കൂടിയാണെന്നും, ഇപ്രകാരമേ ഒരു സന്തുലിതാവസ്ഥയുള്ള ഒരു വ്യക്തിയാകുവാൻ കഴിയൂ എന്നും ഏവർക്കും വ്യക്തമായി. മാസ്റ്റർ നൽകുന്ന ആന്തരീകാവസ്ഥയുമായി യോജിച്ചു പോകുന്നതാവണം നമ്മുടെ ബാഹ്യവ്യക്തിത്വം എന്നും വിശദീകരിക്കപ്പെട്ടു.



15–ാം തിയതി സ്വഭാവരൂപികരണത്തിന് സഹായകരമായ ഘടകങ്ങളെക്കുറിച്ചും ഇച്ഛാശക്തി ഉപയോഗിക്കാനാവാത്ത അവസ്ഥക്കുള്ള കാരണത്തെപ്പറ്റിയും ചർച്ചനടത്തി. സ്വയം വിശകലനത്തിനുള്ളതായിരുന്നു പരിപാടിയിലെ അടുത്ത ഭാഗം. തങ്ങളുടെ കുറവുകളെക്കുറിച്ച് വിശകലനം നടത്തിയത് ഏവരും ആസ്വദിച്ചു. മാസ്റ്ററുദ്ദേശിക്കുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതെങ്ങിനെ എന്നതിനെക്കുറിച്ച് എല്ലാവർക്കും രൂപം ലഭിച്ചു. ഈ പരിപാടിയിലൂടെ ലഭ്യമായത് ജീവിതത്തിൽ പകർത്തുവാൻ തത്പരരായും, നിറഞ്ഞ സന്തോഷത്തോടേയും ആത്മവിശ്വാസത്തോടേയുമാണ് അഭ്യാസികൾ പിരിഞ്ഞത്.


വാല്യം 4, ലക്കം 6 നവംബർ 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## മൈസൂർ ആശ്രമം, തെക്കേ കർണ്ണാടകം





മൈസൂർ ആശ്രമം, സമീപ പ്രദേശത്തുള്ള നഞ്ജൻഗുഡ്, ടി.നർസിപുര, ഹുൻസൂർ, മാണ്ഡ്യ, മഡിക്കേരി, പെരിയപട്ടണ തുടങ്ങിയ സെൻററുകളുടെ റീജണൽ ആശ്രമമാണ്. ഐഡി കാർഡ് ഏകോപനം, പുസ്തക വിതരണം തുടങ്ങിയവ ഇവിടെ നിന്നാണ് നടത്തുന്നത്. അഭ്യാസികൾക്കായുള്ള പരിശീലന പരിപാടികൾക്കും മറ്റു പ്രവർത്തനങ്ങൾക്കും ഈ ആശ്രമം ഉപയുക്തമാക്കുന്നുണ്ട്.

### മാസ്റ്ററുടെ സന്ദർശനങ്ങൾ

1950-തുകളിലാണ് മൈസൂർ സെൻറർ തുടങ്ങിയത്. 1965 ഡിസംബറിൽ, ബാബൂജി മഹരാജ് മൈസൂർ സന്ദർശിക്കുകയും ശ്രീ മഞ്ജുനാഥ് അയ്യരുടെ ഗൃഹത്തിൽ താമസിക്കുകയും ചെയ്തു. 1985 മാർച്ച് 16-ാം തിയതി ഗോവിന്ദ റാവു മെമ്മോറിയൽ ഹാളിൽ നടന്ന സ്ഥാപക ദിനാഘോഷ വേളയിൽ മാസ്റ്റർ മൈസൂർ സന്ദർശിച്ചു. 1995 മെയ് 17-18 തിയതികളിൽ മൈസൂർ സന്ദർശിച്ച മാസ്റ്റർ മുലകനഡു ഭവനയിൽ സത്സംഗം നടത്തി. 2002-ൽ യെൽവാലയ്ക്കടുത്ത് മൈദനഹള്ളി റോഡിനടുത്ത് ഏകദേശം പതിനാറ് ഏക്കർ സ്ഥലം വാങ്ങി. ഇതിൽ ഏട്ട് ഏക്കർ ആശ്രമത്തിനായും ബാക്കി അഭ്യാസികൾക്കായി വീടു നിർമ്മാണത്തിനായും മാറ്റി വെച്ചു. 2002 ഏപ്രിൽ 2-ാം തിയതി സ്ഥലം മിഷനുവേണ്ടി മാസ്റ്റർ സമർപ്പിച്ചു. 2005 ഏപ്രിലിൽ 3 ഏക്രയോളം സ്ഥലം വീണ്ടും വാങ്ങി.

പെട്ടെന്നു തന്നെ ഒരു താത്കാലിക ധ്യാന ഹാളും അടുക്കളസമുച്ചയവും ഒരു ഓഫീസ് മുറിയും പണിതു. 2004 ഫെബ്രുവരി 16-ാം തിയതി ആയിരക്കണക്കിന് അഭ്യാസികളുടെ സാന്നിദ്ധ്യത്തിൽ അവ ഉദ്ഘാടനം ചെയ്ത മാസ്റ്റർ, പ്രായമേറിയ അഭ്യാസികളുടേയും ചെറുപ്പക്കാരുടേയും പ്രാധാന്യത്തെപ്പറ്റി എടുത്തു പറഞ്ഞു. "പ്രായമേറിയവരുടെ വിവേകം പരിചയം തുടങ്ങിയവ നമുക്കുവേണം; അതോടൊപ്പം യുവാക്കളുടെ ഊർജ്ജം, അവരുടെ ആദർശം, അവരാഗ്രഹിക്കുന്നതു ചെയ്യുവാനുള്ള കഴിവ് എന്നിവകൂടി വേണ്ടതാണ്. പ്രായമായവർ ചിന്തിച്ച് സംസാരിക്കുന്നു; ചെറുപ്പക്കാർ പണിയെടുക്കുന്നു."

2004 ഒക്ടോബറിൽ നടത്തിയ യുവ സെമിനാറിനോട് അനുബന്ധിച്ച് മാസ്റ്റർ മൈസൂർ സന്ദർശിച്ചു. യുവാക്കളെ അഭിസംബോധന ചെയ്തു കൊണ്ട് മാസ്റ്റർ, "ബാബൂജി മഹരാജ് ആദ്യ സിറ്റിംഗ് നമുക്ക് തരുമ്പോൾ അതിനെ 'വിളയിറക്കൽ' എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. അദ്ദേഹം തൻെറ വിത്ത് നമ്മുടെ ഹൃദയത്തിൽ നിക്ഷേപിക്കുന്നു. അതുകൊണ്ടാണ് യോഗ പ്രകാരം ഹൃദയത്തെ, ഹൃദയയോനി എന്നു വിളിക്കുന്നത്. ഒരു പുതിയ മനുഷ്യനായി നിങ്ങളിൽ തന്നെ നിങ്ങൾ പുനർജനിക്കുന്നു. അതിനായി ആ വിത്ത് നിങ്ങൾ വളരാൻ അനുവദിക്കണം, ഭക്തി കൊണ്ടും ശ്രദ്ധകൊണ്ടും ധ്യാനത്താലും ജലസേചനം നടത്തണം."

മാസ്റ്റർക്കായി ഒരു കോട്ടേജ് ധ്യാന ഹാളിനു പുറകിലായി പിന്നീട് പണിതു. 2006 ഡിസംബറിൽ മാസ്റ്റർ ഒരു ഹ്രസ്വസന്ദർശനം നടത്തി, കുറച്ചു മണിക്കൂറുകൾ ഇവിടെ ചിലവിട്ടു.

### ഇന്നത്തെ ആശ്രമം

ഇപ്പോൾ മൈസൂരിൽ അഞ്ഞൂറിലധികം അഭ്യാസികളുണ്ട്. 150-ഓളം പേർ ഞായറാഴ്ച സത്സംഗത്തിൽ പങ്കെടുക്കുന്നുണ്ട്. ആയിരം അഭ്യാസികളെയുൾക്കൊള്ളാവുന്ന ഒരു ധ്യാന ഹാൾ നിർമ്മിക്കുന്നതിനായി ഒരുക്കങ്ങൾ നടത്തുന്നുണ്ട്. മാവ്, പപ്പായ, പേരയ്ക്ക തുടങ്ങിയ 500-ഓളം ഫലവൃക്ഷങ്ങൾ ഇവിടെയുണ്ട്. ഒരു പച്ചക്കറിത്തോട്ടവും ഭംഗിയേറിയ പൂന്തോട്ടവും അഭ്യാസികളുടെ മേൽനോട്ടത്തിൽ ഇവിടെ വളർന്നു വരുന്നുണ്ട്.





